**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **04-10-2021 - ൽ മറുപടിയ്ക്ക്**

**എരുമേലി സി.എച്ച്.സി.യുടെ പരിധി വികസിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ മറ്റൊരു പഞ്ചായത്തായ മണിമല കരിക്കാട്ടൂർ എഫ്.എച്ച്.സി. യുടെ കീഴിലായതിനാൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് അസൗകര്യം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന് കീഴിൽ രണ്ട് ആരോഗ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പി.എച്ച്.സി മണിമലയും പി.എച്ച്.സി കരിക്കാട്ടൂരും . ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മണിമല പി.എച്ച്.സിയെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ടി സ്ഥാപനത്തിന് ഡോക്ടർ -1, സ്റ്റാഫ് നഴ്സ്- 2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് - 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പി.എച്ച്.സി കരിക്കാട്ടൂരിനെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ആരോഗ്യ കാര്യങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതിലേയ്ക്കാണ് ഈ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മണിമല പഞ്ചായത്തിലെ 6വാർഡും ,എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകളും കരിക്കാട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ നിയന്ത്രണത്തിലാണ്. ജനങ്ങളുടെ സേവനത്തിനായും സാമൂഹികാരോഗ്യ പ്രവർത്തനങ്ങൾക്കായും 2 ജെ.എച്ച്.ഐ മാരുടെയും 3 ജെ.പി.എച്ച്.എൻ മാരുടെയും സേവനം നൽകി വരുന്നു.എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകളിലായി 6020 ജനസംഖ്യയാണ് നിലവിലുള്ളത്. ടി ജനങ്ങളുടെ സേവനത്തിനായി ചേനപ്പാടി സബ് സെന്റർ പ്രവർത്തിക്കുന്നു. ടി സബ് സെന്ററിൽ നിന്നും എല്ലാ വിധ സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ടെസ്റ്റിംഗ്, ഐസോലേഷൻ,വാക്സിനേഷൻ എന്നിവ കാര്യക്ഷമമായി നൽകുന്നതിന് ഈ സബ്സെന്റർ മുൻഗണന നൽകുന്നു. ജനങ്ങൾക്ക് അസൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | നേരിടുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി എരുമേലി ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളും എരുമേലി സി.എച്ച്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകൾ സി.എച്ച്.സി എരുമേലിയിൽ നിന്നും 10 കി.മി ദൂരത്ത് സ്ഥിതി ചെയ്യുന്നതിനാലാണ് ഈ വാർഡുകളുടെ ചുമതല സമീപ കുടുംബാരോഗ്യകേന്ദ്രമായ കരിക്കാട്ടൂരിന് നൽകിയിട്ടുള്ളത്. എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകളുടെ നിയന്ത്രണമുള്ള സബ്സെന്റർ ചേനപ്പാടിയുടെ കീഴിലാണ് ചെറുവള്ളി എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. ടി എസ്റ്റേറ്റ് മേഖലയിലെ ലയങ്ങളിൽ ജനങ്ങൾ തിങ്ങി പാർക്കുകയും ചെയ്യുന്നുണ്ട്. ടി ജനങ്ങൾക്കാവശ്യമായ എല്ലാ സേവനങ്ങളും മെച്ചപ്പെട്ട രീതിയിൽ കരിക്കാട്ടൂർ കുടുംബാരോഗ്യ കേന്ദ്രം മുഖേന നൽകി വരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വാക്സിനേഷൻ ഡ്രൈവും ടി എസ്റ്റേറ്റിൽ നൽകുന്നു. കരിക്കാട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്നും 1 മുതൽ 4 വരെ വാർഡുകളുടെ ചുമതലയുള്ള സബ്സെന്റർ ചേനപ്പാടി എരുമേലി സി.എച്ച്.സിയോട് കൂടി ചേർക്കുമ്പോൾ ടി സബ് സെന്ററിന്റെ ചുമതലയുള്ള ജീവനക്കാരെയും സി.എച്ച്.സി എരുമേലിയ്ക്ക് വിട്ട് നൽകേണ്ടതായിട്ടുള്ള സാഹചര്യം ഉണ്ടാകും.നിലവിൽ കോവിഡ് പ്രതിരോധ പ്രവർത്തനവും വാക്സിനേഷനും മെച്ചപ്പെട്ട രീതിയിൽ സി.എച്ച്.സി എരുമേലിയും , കുടുംബാരോഗ്യകേന്ദ്രം കരിക്കാട്ടൂരും നടത്തപ്പെടുന്നതിനാൽ നിലവിലെ സ്ഥിതി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ